**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.544** **03.03.2020-ൽ മറുപടിക്ക്**

**വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജിങ് സ്റ്റേഷൻ**

| | ചോദ്യം<br><br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വേണ്ടി വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (എ) | സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br>ഇതിന്റെ ഭാഗമായുള്ള സമീപനരേഖയിൽ അടിസ്ഥാന ചാർജ്ജിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പദ്ധതിയെ പൈലറ്റ്, കവറേജ്, സ്കെയിലിംഗ് എന്ന മൂന്നു ഘടകങ്ങളായി വിഭാവനം ചെയ്തിരിക്കുന്നു. ഇതിൽ പൈലറ്റ് സ്റ്റേജ് ലക്ഷ്യമിടുന്നത് കുറച്ച് പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക വഴി ജനങ്ങളിൽ ഇതു സംബന്ധിച്ച് ബോധവത്ക്കരണം ഉണ്ടാക്കുക എന്നതാണ്. കവറേജ് ഘട്ടം കൊണ്ട് ഉദ്ദേശിക്കുന്നത് ജനങ്ങൾക്കും വാഹന നിർമ്മാതാക്കൾക്കും ആശങ്ക അകറ്റുകയും ആവശ്യമായ സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ്. സ്കെയിലിംഗ് ഘട്ടത്തിലൂടെ നിലവിലുള്ള ചാർജ്ജിംഗ് സ്റ്റേഷന്റെ ഉപയോഗം കൂട്ടുകയും കേരളത്തിലുടനീളം കൂടുതൽ ചാർജ്ജിംഗ് |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ സ്ഥാപിക്കുകയും കൂടുതൽ ആൾക്കാരെ ഇലക്ട്രിക് വാഹനങ്ങളിലേക്ക് താത്പര്യം ജനിപ്പിക്കുകയും അതുവഴി സ്വയം പര്യാപ്തത കൈവരിക്കുക എന്നതുമാണ്.<br><br>കേന്ദ്രസർക്കാരിന്റെ ഊർജ്ജമന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുകവഴി താത്പര്യമുള്ള സ്വകാര്യ വ്യക്തികളെയും സംരംഭകരേയും കമ്പനികളെയും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ പങ്കാളികളാകാൻ ഈ പദ്ധതിയിലേക്ക് ക്ഷണിക്കുകയാണ്.<br><br>രാജ്യത്ത് അംഗീകരിച്ച ആകർഷകമായ താഴ്ന്ന നിരക്കിലാണ് (യൂണിറ്റിന് 5 രൂപ) ചാർജ്ജിംഗ് സ്റ്റേഷനുകൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചു നൽകിയിരിക്കുന്ന വൈദ്യുതി താരിഫ്. |
| (ബി) | പ്രധാന സ്ഥലങ്ങളിൽ ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ ; | (ബി) | കേരളത്തിലെ പ്രധാന പട്ടണങ്ങളിലും പ്രാന്തപ്രദേശങ്ങളിലും അവയെ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഇരുവശവുമായും ചാർജിങ്/ സ്വാപ്പിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. പ്രധാന പട്ടണങ്ങളിൽ ആവശ്യത്തിന് ചാർജിങ്/ സ്വാപ്പിംഗ് സ്റ്റേഷനുകൾ ആദ്യഘട്ടത്തിൽ സ്ഥാപിക്കാമെന്നും ഇലക്ട്രിക് വാഹനങ്ങളുടെ സ്വീകാര്യത വർദ്ധിക്കുന്നതോടെ ഇത്തരം സ്റ്റേഷനുകൾ സംസ്ഥാനത്തുടനീളം സ്ഥാപിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. കെ. എസ്. ഇ. ബി -യുടെയും സർക്കാരിന്റെയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>ദേശീയപാതകളിൽ ഓരോ 25 കിലോമീറ്ററിലും, നഗരങ്ങളിൽ 5km x 5km ഗ്രിഡുകൾ എന്ന കണക്കിലും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഹെവി |

| | | | |
|---|---|---|---|
| | | | ഇൻഡസ്ട്രീസ് വകുപ്പിന്റെ (DHI) കീഴിൽ FAME II പദ്ധതിയിൽപ്പെടുത്തി കേരളത്തിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 'വൺ മില്യൺ പ്ലസ്' ജനസംഖ്യയുള്ള 7 നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബിയും അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിലായി 131 ചാർജ്ജിംഗ് സ്റ്റേഷൻ തുടങ്ങാനുള്ള അംഗീകാരം ഡി.എച്ച്.ഐ കെ എസ് ഇ ബി യ്ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി താത്പര്യമുള്ള നിക്ഷേപകരിൽ നിന്നും വൈദ്യുതി ബോർഡ് EoI (താത്പര്യപത്രം) ക്ഷണിച്ചിട്ടുണ്ട്.<br><br>കേരള ഗവണ്മെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവണ്മെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചു കഴിഞ്ഞു.<br><br>കൂടാതെ തുടക്കം എന്ന നിലയിൽ തിരുവനന്തപുരത്തും മറ്റു ജില്ലകളിലും ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ കെ. എസ്. ഇ.ബി.എൽ ആരംഭിച്ചു കഴിഞ്ഞു<br><br>ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ടും EESL ഉം ചേർന്ന് പദ്ധതികൾ രൂപീകരിച്ച് വരുന്നു. ആദ്യഘട്ടമെന്ന നിലയിൽ എല്ലാ ജില്ലയിലെയും DTPC യുടെ കീഴിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം തുടങ്ങി കഴിഞ്ഞു. നിലവിൽ 14 ജില്ലകളിലായി 115 ടൂറിസ്റ്റ് കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ കൊച്ചി-കോവളം ഗ്രീൻ കോറിഡോർ ആക്കുന്നതിന്റെ ഭാഗമായി ദേശീയ പാതയിലുള്ള KTDC യുടെ കീഴിലുള്ള 9 കേന്ദ്രങ്ങളിൽ ഇലക്ട്രിക് |

| | | | |
|---|---|---|---|
| | | | ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തി കഴിഞ്ഞു. |
| (സി) | നിലവിൽ കെ. എസ്. ആർ. ടി. സി. യുടെ ബസ്സുകൾക്ക് ചാർജ് ചെയ്യുന്ന സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ അറിയിക്കാമോ ; | (സി) | ശബരിമലയുടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തുക എന്ന ലക്ഷ്യം മുൻനിർത്തി, അന്തരീക്ഷ മലിനീകരണം കുറക്കുന്നതിലേക്കായി ഇലക്ട്രിക് ബസുകൾ ഏർപ്പെടുത്തുവാൻ കെ. എസ്.ആർ.ടി.സി തീരുമാനിച്ചിരുന്നു. അതിലേക്കായി നിലയ്ക്കൽ ബേസ് ക്യാമ്പിൽ ചാർജിങ് സ്റ്റേഷനു വേണ്ട കണക്ഷൻ നൽകുവാൻ വേണ്ട നടപടി കെ.എസ്.ഇ.ബി സ്വീകരിക്കുകയുണ്ടായി. ദ്രുത ഗതിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു മണ്ഡലമകരവിളക്കുകാലത്തിനു മുൻപുതന്നെ പ്രസ്തുത ചാർജിങ് സ്റ്റേഷനു കണക്ഷൻ നൽകുവാൻ സാധിച്ചു. |
| (ഡി) | ദേശീയ പാതകളിലും മറ്റ് പ്രധാന സ്ഥലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാർജിങ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാമോ ? | (ഡി) | ദേശീയ പാതകളിലും മറ്റു പ്രധാന സ്ഥലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ